(എ) വനവിഭവങ്ങളുടെ സംഭരണം, സംസ്കരണം, വിതരണം എന്നീ തലങ്ങളിൽ സമർത്ഥവും പുരോഗമനപരവുമായ മാറ്റങ്ങൾ വരുത്തി വനവിഭവങ്ങളുടെ വിദേശ വിപണി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നമ്മുടെ വനവിഭവങ്ങളുടെ കയറ്റുമതി 1978-79 സാമ്പത്തിക വർഷത്തിൽ എത്രകോടി രൂപയ്ക്കായിരുന്നു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇതിനു വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

ഹഡ്കോയിൽനിന്നും ലഭിച്ച ധനസഹായം

*486 [510] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹഡ്കോയിൽനിന്നും ലഭിക്കുന്ന ധനസഹായത്തിൽ വലിയ ഒരു ഭാഗം സംസ്ഥാന ഭവനനിർമ്മാണ ബോർഡും വിശാല കൊച്ചി വികസന അതോറിട്ടിയും ഇക്കൊല്ലം വാങ്ങാതെ നഷ്ടപ്പെടുത്തിയതായി കേന്ദ്ര ഭവനനിർമ്മാണ വകുപ്പു മന്ത്രി പറഞ്ഞതായി അറിയുന്നത് ശരിയാണോ;

(ബി) ശരിയെങ്കിൽ അതിനുള്ള കാരണമെന്ത്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഹഡ്കോയിൽനിന്നും ഹൗസിംഗ് ബോർഡിനും വിശാലകൊച്ചി വികസന അതോറിട്ടിക്കും ഭവനനിർമ്മാണത്തിനു അനുവദിച്ച വായ്പത്തുക മുഴുവൻ വാങ്ങിക്കഴിഞ്ഞിട്ടില്ലെന്നും കേന്ദ്ര ഭവനനിർമ്മാണവകുപ്പുമന്ത്രി പ്രസ്താവിച്ചു എന്നുള്ളതും ശരിയാണ്. നഷ്ടപ്പെടുത്തി എന്നു പറഞ്ഞതായി അറിവില്ല.

(ബി) ഭവനനിർമ്മാണ പദ്ധതികൾക്ക് അനുവദിക്കുന്ന വായ്പത്തുക വീടുപണി പുരോഗമിക്കുന്നതിനനുസരിച്ച് ഘട്ടം ഘട്ടമായി വാങ്ങുവാനുള്ളതാണ്. തുക മുഴുവൻ ഒന്നിച്ചു നൽകുന്നതല്ല. ഭവനനിർമ്മാണത്തിലുണ്ടാകുന്ന പുരോഗതി അനുസരിച്ച് തുക വാങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. വായ്പത്തുക ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

വീടുകൾക്ക് കൃത്യസമയത്ത് വേണ്ടത്ര അപേക്ഷകൾ ലഭിക്കാതിരിക്കുന്നതുകൊണ്ടും പദ്ധതി നടപ്പിലാക്കുന്ന സഹകരണ സംഘങ്ങളിൽ നിന്നും യഥാസമയം റിപ്പോർട്ടുകൾ ലഭിക്കാതിരിക്കുന്നതുകൊണ്ടും ഭവനനിർമ്മാണ ബോർഡിന്റെ പരിപാടിയിൽ കാലതാമസം വരുന്നതിനും യഥാസമയം വായ്പത്തുക വാങ്ങാൻ കഴിയാതിരിക്കുന്നതിനും ഇടയായിട്ടുണ്ട്. എന്നാൽ തുകമുഴുവൻ വാങ്ങി ചെലവാക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

വിശാലകൊച്ചി വികസന അതോറിട്ടിക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി ഹഡ്കോ 138.15 ലക്ഷം രൂപ അനുവദിച്ചതിൽ, ചില പ്രത്യേക സാങ്കേതിക കാരണങ്ങളാൽ ഉദ്ദേശിച്ചത്ര വേഗത്തിൽ പദ്ധതികൾ നടപ്പിൽ വരുത്താൻ സാധിക്കാത്തതുകൊണ്ട് ഇതിനകം 55.70 ലക്ഷം രൂപ മാത്രമേ ഹഡ്കോയിൽനിന്നും വാങ്ങാൻ കഴിഞ്ഞിട്ടുള്ളു. ബാക്കി തുകയും ഭവനനിർമ്മാണം പുരോഗതി പ്രാപിക്കുന്ന മുറയ്ക്ക് വാങ്ങി ചിലവാക്കുന്നതാണ്.

ഫാക്ടറികളിൽനിന്നും ഒഴുകുന്ന മലിന ജലം

*487 [512] ശ്രീ. പി.പി.വി. മൂസ്സ:

,, കെ. പി. രാമൻ:

,, പി.എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറികളിൽനിന്നും മലിനജലം പുഴകളിലേക്ക് ഒഴുകുന്നതുമൂലമുണ്ടാകുന്ന വിഷമതകളെ സംബന്ധിച്ച് എത്തെല്ലാം പ്രദേശങ്ങളിൽനിന്ന് ഗവൺമെന്റിന് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്;

(ബി) മാവൂരിലെ ഗ്വാളിയോർ റയോൺസ് പരിസരത്തുള്ള ജല വായുമലിനീകരണത്തെ സംബന്ധിച്ചുള്ള പരാതിയിൻമേൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു;

(സി) സംസ്ഥാനത്തെ ജലമലിനീകരണ ബോർഡ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാത്ത എത്ര ഫാക്ടറികളുണ്ട്;

(ഡി) അവയുടെ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) തിരുവനന്തപുരത്തെ കൊച്ചുവേളി, വെട്ടുകാട്, ഏലൂർ, ഉദ്യോഗമണ്ഡൽ, കൊച്ചി, കോഴിക്കോട്, മാവൂർ എന്നീ പ്രദേശങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ജലമലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റു ബോർഡ് ഈ കമ്പനിക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഒരു ഫാക്ടറി (ഗ്വാളിയോർ റയോൺസ്)

(ഡി) 10.8.77-ൽ കൂടിയ ബോർഡ് യോഗത്തിൽ ചുങ്കപ്പള്ളിയിൽ മലിനജലം ഒഴുക്കുന്നതിന് വേണ്ട പണികൾ പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത പരാമർശവിഷയമാകുകയുണ്ടായി. ഈ പണികൾ പൂർത്തിയാക്കുന്നതിന് ഇനി കൂടുതൽ സമയം അനുവദിക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചു. നിർദ്ദേശങ്ങൾ ഫാക്ടറി നടപ്പിലാക്കാത്തതിന്റെ കാരണം കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 28.9.77-ൽ മാനേജ്മെന്റിന് നോട്ടീസ് നൽകുകയുണ്ടായി. 30.11.77-ൽ ഫാക്ടറി പണി മുടക്കുമൂലം അടച്ചിടുകയുണ്ടായി. ഫാക്ടറി 5.8.78-ൽ പുനരാരംഭിച്ചപ്പോഴത്തെന്നെ മലിനീകരണ നിവാരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ഈ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly